# CAREER Updates
# പത്രവൃത്താന്തം
31.08.2024 (ശനി)



- 2024 ആഗസ്റ്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തറക്കല്ലിട്ട, ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖ പദ്ധതി
- ✔ വാധ്വൻ തുറമുഖം
- മഹാരാഷ്ട്രയിലെ പാൽഘറിലാണ് വാധ്വൻ തുറമുഖം നിലവിൽ വരുന്നത്. ഭാരതത്തിലെ 13-ാമത്തെ മേജർ തുറമുഖമായിട്ടാണ് വാധ്വൻ നിലവിൽ വരുന്നത്.
- 20 മീറ്റർ ആഴത്തിലുള്ള ഡ്രാഫ്റ്റ്, 24000 ടി.ഇ.യു. കപ്പലുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി, പ്രതിവർഷം ഏകദേശം 23.2 ദശലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി എന്നിവയാണ് വാധ്വൻ തുറമുഖത്തിന്റെ പ്രധാന സവിശേഷതകൾ.

- ബഹിരാകാശത്തിന്റെ അതിരായ കാർമൻ രേഖ മറികടന്ന ഏറ്റവും പ്രായം കുറഞ്ഞ വനിത എന്ന റെക്കോഡ് 2024 ആഗസ്റ്റിൽ സ്വന്തമാക്കിയത്
- ✔ കാർസെൻ കിച്ചൻ (21 വയസ്സ്)
- സ്വകാര്യ ബഹിരാകാശ കമ്പനിയായ ബ്ലൂ ഒറിജിന്റെ എട്ടാം ദൗത്യത്തിന്റെ ഭാഗമായി ന്യൂ ഷെപ്പേഡ് എന്ന റോക്കറ്റിലാണ് കാർസെൻ കിച്ചൻ കാർമാൻ രേഖ മറികടന്നത്.

- 2024-ലെ പാരാലിമ്പിക്സിൽ ഇന്ത്യയ്ക്കായി ആദ്യ സ്വർണ്ണം നേടിയ താരം
- ✔ അവനി ലേഖാര
- വനിതകളുടെ ഷൂട്ടിംഗിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിലാണ് അവനി സ്വർണ്ണ മെഡൽ നേടിയത്. തുടർച്ചയായി രണ്ട് പാരാലിമ്പിക്സിൽ സ്വർണ്ണം നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് ഇവർ.
- വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയത് ഇന്ത്യൻ താരം മോന അഗർവാൾ ആണ്.
- 2024-ലെ പാരാലിമ്പിക്സിൽ ഷൂട്ടിംഗിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെള്ളി മെഡൽ നേടിയ ഇന്ത്യൻ താരം
- ✔ മനീഷ് നർവാൾ
- 2024-ലെ പാരാലിമ്പിക്സിൽ വനിതകളുടെ 100 മീറ്റർ ഓട്ടത്തിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരം
- ✔ പ്രീതി പാൽ
- 2024 ആഗസ്റ്റിൽ വിഴിഞ്ഞം തുറമുഖത്ത് എത്തിയ, ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പൽ കമ്പനികളിലൊന്നായ മെഡിറ്ററേനിയൻ ഷിപ്പിംഗിന്റെ മദർഷിപ്പ് കണ്ടെയ്നർ
- ✔ എം.എസ്.സി. ഡെയ്‌ല
- കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പിയുടെ ശതാഭിഷേകത്തോടനുബന്ധിച്ച് നൽകപ്പെട്ട ശ്രീകുമാരൻ തമ്പി ഫൗണ്ടേഷൻ പുരസ്കാരം നേടിയ മലയാള ചലച്ചിത്ര നടൻ
- ✔ മോഹൻലാൽ

CAREER GUIDANCE BUREAU